**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 977** **29-08-2022 - ൽ മറുപടിയ്ക്ക്**

**മരവൽക്കരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവൽക്കരണം എന്ന കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവൽക്കരണം എന്ന പദ്ധതി നിലവിലില്ല. |
| (ബി) | പദ്ധതി നടത്തിപ്പിനായി നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 29.09.2012-ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ) നമ്പർ 486/2012/വനം പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ കുന്നിവാക, തേമ്പാവ് എന്നിങ്ങനെ 10 ഇനം വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് 3 തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ 1 ന് 50/- രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ 1-ന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം വരെ തൈകൾക്ക് തൈ 1-ന് 30/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നില്ല. സ്വന്തം ഭൂമിയിലോ, 10 വർഷം പാട്ടത്തിനെടുത്ത വസ്തുവിലോ മേൽപ്പറയുന്ന 10 ഇനങ്ങളിൽപ്പെട്ട വൃക്ഷത്തൈകൾ നട്ടു വളർത്തുന്നവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. |

സെക്ഷൻ ഓഫീസർ